14

# ക്രൂശിങ്കലെ ആളുകൾ

**മത്തായി 27; മർക്കൊസ് 15;**
**ലൂക്കൊസ് 23; യോഹന്നാൻ 19**

*"യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും, അമ്മയുടെ സഹോദരിയും, ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും, മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു" (യോഹന്നാൻ 19:25).*

സത്യസന്ധതയോടും ബഹുമാനത്തോടും കൂടെ ബൈബിൾ പഠിക്കുക. ഓരോ ഖണ്ഡവും യോജിപ്പിച്ചു ഓരോ ദിവ്യ ഭാഗത്തെ കുറിച്ചും അത് നൽകുന്ന പൂർണ്ണമായ ചിത്രം കാണുക. ഉത്സാഹമുള്ളവരാകുക. ഹൃദയത്തെ എല്ലാ ദുരഭിമാനത്തിൽ നിന്നു മുക്തമാക്കുക! എന്തു വിശ്വസിക്കണം എന്നു ദൈവം പറയട്ടെ. ബൈബിൾ പറയാത്തതു പറയിപ്പിക്കുവാൻ ശ്രമിക്കരുത്.

ബൈബിൾ കഥാപാത്രങ്ങളെ കുറിച്ചുള്ള നമ്മുടെ അഭിപ്രായങ്ങൾ നമ്മുടേതു മാത്രമാണ്. അവ ഓരോന്നിലും നമുക്കു നമ്മെ കാണുവാൻ കഴിയും. ക്രൂശിങ്കലെ ആളുകളിൽ നിന്ന് വലിയ ഉപദേശങ്ങൾ നാം കാണും. അതുപോലെ, വലിയ ഉപദേശങ്ങൾ ക്രൂശിങ്കൽ *വരാത്തവരിൽ* നിന്നും ഉണ്ടായി. നിങ്ങളുടെ കണ്ണു വിശാലമായി തുറക്കുക. ദൈവം ചോദിക്കാത്ത ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളോളം അപകടകാരിയല്ല ഉത്തരം പറയാത്ത ചോദ്യങ്ങൾ.

### ചിലർ സന്നിഹിതരായിരുന്നില്ല

*യൂദാ.* യൂദാ ക്രൂശിനരികിൽ വന്നില്ല. എല്ലാ മനുഷ്യ സംഭവങ്ങളേക്കാൾ ഏറ്റവും മോശമായിപോയി അവന്റേത്! ദൈവം മനുഷ്യനെപോലെ ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ഇല്ല. യൂദയെക്കാൾ കൂടുതൽ വ്യക്തമായി അതാരും കാണിക്കുന്നില്ല. അവന്റെ പേർ തന്നെ നമ്മുടെ നട്ടെല്ലിനെ കീഴ്മേൽ മറിക്കുന്ന വിധം വിറയലുണ്ടാക്കുന്നു.

ചിലർ പറയുന്നതു ദൈവം യൂദയെ തള്ളിക്കളഞ്ഞതുകൊണ്ടാണ് അവൻ യേശുവിനെ ഒറ്റിക്കൊടുത്തത് എന്നാണ്. അതു ദൈവത്തെ കരിതേച്ചു കാണിക്കുന്നതാണ്. ദൈവം ആളുകളെ ദുരുപയോഗം ചെയ്യുകയോ മോശമാക്കുകയോ ഇല്ല. ഈ സംഭവത്തെ കുറിച്ചുള്ള അടുത്തകാല വ്യാഖ്യാനങ്ങൾ പറയുന്നതു യൂദാ ഒരു ഗൗരവമുള്ള കാര

ണമായി തീർന്നു എന്നാണ്! "വലിയൊരു ഉദ്ദേശം തന്റെ മനസ്സിൽ ഉണ്ടായിരുന്നതുകൊണ്ടാണ് അവൻ അതു ചെയ്തത്," എന്നാണ് അവരുടെ പക്ഷം. അതു സാധ്യമല്ല! യേശു യൂദായെ തിരഞ്ഞെടുത്തു, യൂദാ യേശുവിനെ തിരഞ്ഞെടുത്തു, പിന്നെ യൂദാ യേശുവിനെ ഒറ്റിക്കൊടുക്കുവാൻ തിരഞ്ഞെടുത്തു.

തന്നോടു അടുക്കുവാനും ചുംബിക്കുവാനും യേശു യൂദായെ അനുവദിച്ചു (ലൂക്കൊസ് 22:47, 48). അവനെ പിടിക്കുവാൻ വന്ന സാഹചര്യത്തിലെല്ലാം, വ്യത്യസ്തമായ രീതികളിൽ യേശു അവനോടു, "അതു ചെയ്യരുത് - ഓടുക, യൂദയേ, ഓടുക" എന്നായിരുന്നു പറഞ്ഞത്.

ഇതിൽ നിന്നെല്ലാം നമുക്കു തീർച്ചയാക്കാവുന്നത് യൂദാ വിജയിയായ കാപട്യക്കാരനായിരുന്നു എന്നാണ്. യൂദാ അതു ചെയ്യുവാൻ പോകുന്നു എന്നറിഞ്ഞിരുന്നെങ്കിൽ മറ്റു പതിനൊന്ന് അപ്പൊസ്തലന്മാർ അവനെ അതിൽ നിന്നു പിന്തിരിപ്പിക്കുമായിരുന്നു. അവന്റെ ബാഹ്യകാഴ്ച്ചപ്പാടിൽ നിന്നു അവന്റെ ഹൃദയത്തിലുള്ളതു അവർ അറിഞ്ഞിരുന്നില്ല. അവനു കത്തിയോ മുള്ളോ ഇല്ലായിരുന്നു. പിശാചിന്നു അവന്റെ ഹൃദയത്തിൽ പ്രവേശിക്കുവാൻ യൂദാ അനുവദിച്ചു എന്നു യേശു അറിയുകയും, അവനെ "നാശയോഗ്യൻ" എന്നു വിളിക്കുകയും ചെയ്തിരുന്നു (യോഹന്നാൻ 17:12). യോഹന്നാൻ 12:4–6 പറയുന്നതു, യൂദാ പണസഞ്ചി സൂക്ഷിപ്പുകാരനും, അപ്പൊസ്തലന്മാരുടെ പണസഞ്ചിയിൽ നിന്നു മോഷ്ടിക്കുന്നവനും തട്ടിപ്പുകാരനുമായിരുന്നു എന്നാണ്.

സാത്താൻ യൂദയിൽ "പ്രവേശിച്ചു" (ലൂക്കൊസ് 22:3; യോഹന്നാൻ 13:27). ദൈവത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട ഒരു മനുഷ്യന്, അവൻ സ്വയം അനുവദിച്ചാൽ, പിശാചിനു ഉപയോഗിക്കുവാൻ കഴിയും. യൂദാ എഴുന്നേറ്റു താൻ ഉദ്ദേശിച്ചതിനായി പോകുമ്പോൾ യേശു പറഞ്ഞു, "വേഗത്തിൽ ചെയ്യുക" (യോഹന്നാൻ 13:26–30). ഒരു ശിഷ്യനായി, തന്റെ ഗുരുവിനോടുള്ള ഭക്തിക്ക് എതിരായി അവൻ പ്രവർത്തിച്ചു. ഏതാനും രൂപയ്ക്കുവേണ്ടി മാത്രമായിരുന്നു അവൻ യേശുവിനെ ഒറ്റിക്കൊടുത്തത്.

യൂദായെ പോലെ അനുഗ്രഹിക്കപ്പെട്ടവരായിരുന്നു കുറെ പേർ. മൂന്നു വർഷം അവൻ യേശുവിനോടു കൂടെ ആയിരുന്നു. അവനു പ്രത്യേക നേട്ടങ്ങൾ ഉണ്ടായിരുന്നു, എങ്കിലും അവയുടെ ഗുണം അനുഭവിക്കുവാൻ കഴിഞ്ഞില്ല. അവനു പഠിക്കുവാൻ കഴിഞ്ഞില്ല; അവനു തന്റെ തെറ്റു സമ്മതിക്കുവാൻ കഴിഞ്ഞില്ല; അവനു മാനസാന്തരപ്പെടുവാൻ കഴിഞ്ഞില്ല. മയമില്ലാത്തവനായതുകൊണ്ടു, യൂദായ്ക്കു യേശുവിന്റെ കൃപ സ്വീകരിപ്പാൻ കഴിഞ്ഞില്ല. യൂദാക്ക് അഹങ്കാരത്തിൽ നിന്നുള്ള ദുഃഖമാണുണ്ടായതു, അല്ലാതെ കൃപയാലുള്ള മാനസാന്തരം അല്ല.

യൂദായെ പോലെ മുന്നറിയിപ്പു ലഭിച്ചവർ മറ്റാരും കാണുകയില്ല. അവൻ യേശുവിനെ ഒറ്റിക്കൊടുക്കുന്നതിനു മാസങ്ങൾക്കുമുമ്പ്, യേശു പറഞ്ഞു, "നിങ്ങളെ പന്ത്രണ്ടുപേരെ ഞാൻ തിരഞ്ഞെടുത്തില്ലയോ,

എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാചു ആകുന്നു?" (യോഹന്നാൻ 6:70). തന്റെ പാപം ക്ഷമിച്ചു കിട്ടുമെന്നു അവൻ വിചാരിച്ചു കാണും, എന്നാൽ ഒരു അപ്പൊസ്തലനായി അവനെ യഥാസ്ഥാനപ്പെടുത്തുവാൻ കഴിയുകയില്ല. "ഇതിനുശേഷം എന്റെ സഹോദരന്മാർക്കു എന്നോടു ക്ഷമിക്കുവാൻ സാധ്യമല്ല," എന്ന് അവൻ വിചാരിച്ചു കാണും. യൂദാ മരണത്തേക്കാൾ ജീവിതത്തെ ഭയപ്പെട്ടു. അവൻ കെട്ടിത്തൂങ്ങി ചത്തു – താല്ക്കാലിക പ്രശ്നത്തിനു സ്ഥിരമായ പരിഹാരം. തന്നോടു അടുക്കുന്നവരെ രക്ഷിപ്പാൻ യേശുവിനു കഴിയുകയില്ലെങ്കിൽ, നമ്മെയും രക്ഷിപ്പാൻ കഴിയുകയില്ല!

*മറ്റു അപ്പൊസ്തലന്മാർ.* പന്ത്രണ്ടു അപ്പൊസ്തലന്മാരിൽ പതിനൊന്നു പേരെയും ക്രൂശിനരികിൽ കാണുന്നില്ല. യൂദാ തന്നെത്താൻ ജീവനൊടുക്കി, പത്തുപേർ വന്നുമില്ല. യോഹന്നാൻ മാത്രം അല്പം ദൂരെ മാറി നിന്നു ... എങ്കിലും ക്രൂശിനരികിൽ വെച്ചു അവൻ എന്തെങ്കിലും പറഞ്ഞതായി നമുക്കു രേഖയില്ല. യേശു ഏറ്റവും യോഗ്യനായി! നാമായിരുന്നെങ്കിൽ നന്നായി ചെയ്യുമായിരുന്നോ?

അവർ ക്രൂശിനരികിൽ വന്നില്ലെങ്കിലും, യേശു അപ്പൊസ്തലന്മാരോടു ക്ഷമിക്കുകയും അവരെ ഉപയോഗിക്കുകയും ചെയ്തു. അതു നമുക്കു പ്രത്യാശ നല്കുന്നു! അപ്പൊസ്തലന്മാർ വെറുതെ ഓടിപോയി (മത്തായി 26:56; മർക്കൊസ് 14:50; നോക്കുക സെഖര്യാവു 13:7). ധർമ്മം വിശ്വസിക്കുന്നത് താൻ ചെയ്യുന്നതു ദൈവം അറിയുന്നു എന്നാണ്! ക്രൂശ് അപ്പൊസ്തലന്മാർക്കു സഹിക്കാവുന്നതിലും അപ്പുറമായിരുന്നോ? അവരെ വേദനയും യാതനയും മഥിച്ചുകൊണ്ടിരുന്നോ? യേശു സഹിച്ച കഷ്ടതയെ കുറിച്ചു ബൈബിൾ പറയുന്നില്ല. അതു ഊന്നി പറയുന്നതു രക്തത്തിന്റെ വിലയേയും, നമ്മുടെ രക്ഷക്കായുള്ള മരണത്തെയും ഉയിർത്തെഴുന്നേല്പിനെയുമാണ്.

*മറിയ, മാർത്ത, ലാസർ.* ഈ മൂന്നുപേർ ക്രൂശിനരികിൽ, കല്ലറക്കരികിൽ, അല്ലെങ്കിൽ മാളികമുറിയിൽ പ്രത്യേകമായി ഉണ്ടായിരുന്നതായി പറയുന്നില്ല (നോക്കുക, ഉദാഹരണമായി, മത്തായി 27:55, 56, 61; മർക്കൊസ് 15:40, 47; ലൂക്കൊസ് 23:49, 55; 24:10; യോഹന്നാൻ 19:25; പ്രവൃത്തികൾ 1:13, 14). അവരുടെ പേരുകൾ പ്രവൃത്തികളുടെ പുസ്തകത്തിലോ, അല്ലെങ്കിൽ ലേഖനങ്ങളിലോ ഇല്ല.[1] അവരുമായിട്ടായിരുന്നു യേശു തന്റെ അവസാന ദിവസങ്ങൾ ചിലവിട്ടത്. അവൻ അവരെ സ്നേഹിച്ചിരുന്നു (യോഹന്നാൻ 11:5).

പലപ്പോഴും, നിങ്ങൾ സ്നേഹിക്കുന്നവരിലും, കൂടുതൽ ശ്രമം അർപ്പിക്കുന്ന ആരിലും നിങ്ങൾക്കുള്ള സ്വാധീനം വളരെ കുറവായിരിക്കും. ആ മൂന്നുപേർ അധികവും ഉപദ്രവിക്കപ്പെട്ടിരുന്നോ (യോഹന്നാൻ 11:1–44)? ലാസറിനെ ഉയിർപ്പിച്ചതു യേശുവിന്റെ ക്രൂശിക്കൽ ത്വരിതമാക്കി എന്നത് ശ്രദ്ധിക്കേണ്ടതാണ്. അവർ ക്രൂശിനരികിൽ വന്നാൽ അവരുടെ ജീവനു അപകടമാണെന്നു അവർ വിചാരിച്ചു കാണുമോ? അവർ യേശുവിനോടുകൂടെ ആയിരിക്കുന്നതു സാഹസികമോ?

*മറ്റുള്ളവർ.* അവിടെ യേശുവിന്റെ സ്വന്തം സഹോദരന്മാർ ഉണ്ടായിരുന്നോ? പ്രവൃത്തികൾ 1-ൽ നോക്കിയാൽ അവർ മാളികമുറിയിൽ

ഉണ്ടായിരുന്നു, എന്നാൽ അവർ ക്രൂശിനരികിലുണ്ടായിരുന്ന അമ്മയുടെ അടുക്കൽ ഇല്ലായിരുന്നു. യോഹന്നാൻ അവിടെയുണ്ടായിരുന്നു, പക്ഷെ അവർ അവിടെ ഇല്ലായിരുന്നു (യോഹന്നാൻ 19:25–27).

ബറബ്ബാസ് അവിടെ ഉണ്ടായിരുന്നോ? നാം അവനെ ഒരു തീവ്രവാദി എന്നു വിളിക്കും (മർക്കൊസ് 15:7; ലൂക്കൊസ് 23:18, 19). യേശുവിനുപകരം, യെഹൂദന്മാർ ബറബ്ബാസിനെ വിട്ടു തരാൻ തിരഞ്ഞെടുത്തപ്പോൾ പിലാത്തൊസ് ഞെട്ടിപ്പോയി (മത്തായി 27:15–23; മർക്കൊസ് 15:6–14; ലൂക്കൊസ് 23:17–23). ബറബ്ബാസ് എന്തു ചെയ്തുകാണുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?

യേശു സുഖപ്പെടുത്തിയ നിരവധിപേർക്ക് എന്തു സംഭവിച്ചു? അവർ അവിടെ ഉണ്ടായിരുന്നോ? അവരും ലജ്ജിതരായിരുന്നോ അതോ വരുവാൻ നാണിച്ചോ?

### ചിലർ സന്നിഹിതരായിരുന്നു

*കുറേനക്കാരനായ ശിമോൻ.* യേശുവിന്റെ മനുഷ്യശക്തി ഇല്ലാതായപ്പോൾ, ശിമോൻ അവിടെ ഉണ്ടായിരുന്നു. യേശുവിനു കൂടുതൽ ക്രൂശു ചുമപ്പാൻ കഴിഞ്ഞില്ല, അതുകൊണ്ടു ഗൊൽഗോഥായിലേക്കുള്ള പ്രദക്ഷിണം തടസ്സപ്പെട്ടു (മത്തായി 27:32; മർക്കൊസ് 15:21; ലൂക്കൊസ് 23:26).

സാധാരണ നാം തടസ്സങ്ങൾ ഒഴിവാക്കുവാൻ ശ്രമിക്കും. ചിലതു വേദനാജനകമാണ്. നാം പലപ്പോഴും വിചാരിക്കും, “ഈ തടസ്സത്തിനുശേഷം, നമുക്കു ജീവിതത്തിലേക്കു തിരിച്ചു വരാം.” ഇല്ല, ഇല്ല, ഇല്ല! ജീവിതം എന്നു പറയുന്നതുതന്നെ തടസ്സങ്ങൾ അല്ലാതെ മറ്റൊന്നുമല്ല. ക്രിസ്തുവിന്റെ ജീവിതത്തിലെ അനേക തടസ്സങ്ങൾ സുവിശേഷങ്ങൾ പറയുന്നുണ്ട്. ഈ സന്ദർഭത്തിൽ, ശിമോന്റെ ജീവിതവും തടസ്സപ്പെട്ടു.

ശിമോനോടു യേശുവിന്റെ ക്രൂശു ചുമക്കുവാനായി പറഞ്ഞു. ഇവിടെയാണ് ദൈവത്തിന്റെ കരുണ! ആ മനുഷ്യൻ തന്റെ ആയുഷ്ക്കാലത്തിൽ നൂറുകണക്കിനു മൈലുകൾ മതപരമായ തീർത്ഥാടനത്തിനു നടന്നിട്ടുണ്ട്. പെട്ടെന്നു, അവനോടു ഒരു തടവുകാരന്റെ ക്രൂശ് ചുമക്കുവാൻ കല്പിച്ചു.

രസകരവും പ്രാധാന്യവുമുള്ള ഒരു കുറിപ്പു മർക്കൊസ് ഇവിടെ കൂട്ടിച്ചേർക്കുന്നുണ്ട്. അവൻ പറഞ്ഞു, അലക്സന്തരിന്റെയും രൂഫൊസിന്റെയും അപ്പനായിരുന്നു, ശിമോൻ (മർക്കൊസ് 15:21). അവൻ ഒരു പക്ഷെ പൗലൊസ് റോമർ 16:13–ൽ പറയുന്ന രൂഫൊസിന്റെ അപ്പനായിരിക്കാം, എന്നാൽ നമുക്കു തീർച്ചയില്ല.

രണ്ടായിരം വർഷങ്ങൾക്കുശേഷവും തന്നെ ഓർമ്മിക്കുമെന്നു ശിമോൻ ഒരിക്കലും വിചാരിച്ചിരിക്കയില്ല. അവന്റെ ചിന്തയും ലക്ഷ്യവും എന്തായിരുന്നാലും, അവന്റെ പേർ എന്നും ബൈബിളിലും ചരിത്രത്തിലും കാണും. യേശുവിനു ക്രൂശു ചുമന്നു നില്ക്കുവാൻ പോലും കഴിയാതിരുന്ന സമയത്ത് ശിമോൻ ആ ക്രൂശ് ചുമന്നതിനു നാം അവനോടു നന്ദി സൂചിപ്പിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ശിമോൻ ചുമന്ന കുരിശിന്റെ ഭാഗം വിലങ്ങനെയുള്ള തടി (കുറുക്കെയുള്ള തടി) ആയി

രുന്നു. നന്ദി, ശിമോനേ. തന്റെ പുത്രനെ സഹായിച്ചവരെ എല്ലായ്പ്പോഴും ദൈവം അനുഗ്രഹിക്കുന്നു.

*സ്ത്രീകൾ.* ദയയുള്ള, ഹൃദയം നുറുങ്ങിയ സ്ത്രീകൾ (ലൂക്കൊസ് 23:27–31) യേശു ഗൊൽഗോഥക്കു പോയപ്പോൾ, അവനുവേണ്ടി വിലപിച്ചു. യേശു അവർക്കു ഭയപ്പെടുത്തുന്ന വെളിപ്പാട് നല്കി. അവർ ഉടനെ തങ്ങൾക്കുവേണ്ടി വിലപിക്കേണ്ടി വരും. യെരുശലേം യേശുവിനെ ക്രൂശിൽ തറെച്ചു, എന്നാൽ ദൈവം റോമാക്കാരെക്കൊണ്ടു അതിനെ നശിപ്പിച്ചു (എ.ഡി. 67–70).

സ്ത്രീകൾ അവിടെ ഉണ്ടായിരുന്നു. അവർ ഓടിപോയില്ല. അവർ ഉത്കണ്ഠാകുലരായിരുന്നു. അവർ തേങ്ങലോടും വികാരത്തോടും കൂടെ നോക്കി. പിന്നീട്, സ്ത്രീകൾ യേശുവിന്റെ അടക്കത്തെ സഹായിക്കയും അവന്റെ കല്ലറ നോക്കുകയും ചെയ്തു (മത്തായി 27:55–61; മർക്കൊസ് 15:40–47; ലൂക്കൊസ് 23:49–56). യേശുവിനെ സ്നേഹിക്കുന്ന നല്ല സ്ത്രീകളെ ദൈവം അനുഗ്രഹിക്കട്ടെ!

യേശുവിന്റെ അമ്മ, മറിയ, ദുഃഖത്തോടെ ക്രൂശിനരികിൽ നിന്നിരുന്നു. അവൾ അവിടെ ഉണ്ടായിരുന്നതിൽ നമുക്ക് അതിശയിക്കാനാവില്ല. എല്ലാ ആളുകളിലും, എന്തായാലും, ആരായിരിക്കും നിങ്ങളോടൊപ്പം ഉണ്ടാവുക? നിങ്ങളുടെ അമ്മ! പത്രൊസിനെ പോലെയുള്ള സ്നേഹിതന്മാർ നിക്ഷേധിക്കുകയും, ഇല്ലാതാവുകയും ചെയ്യും, എന്നാൽ നല്ല അമ്മമാർ എപ്പോഴും അവിടെ ഉണ്ടാകും! യേശുവിനു തന്റെ ക്രൂശ് ഒഴിവാക്കുവാൻ കഴിഞ്ഞില്ല; മറിയക്കു അവളുടെ മകനേയും. അവൻ ചെയ്യുന്നതു മുഴുവൻ മനസ്സിലാക്കുവാൻ അവൾക്കു കഴിഞ്ഞില്ല, എങ്കിലും അവൾ ക്രൂശിനരികിൽ നിന്നിരുന്നു.

എല്ലാ യെഹൂദ പെൺകുട്ടികളും മശിഹയുടെ അമ്മയാകുന്നതിനു പ്രാർത്ഥിച്ചിരിക്കും. ദൈവം തന്റെ പുത്രനു ജന്മം കൊടുപ്പാനും വളർത്തുവാനും മറിയയെ തിരഞ്ഞെടുത്തപ്പോൾ അവൾ ആഹ്ലാദിച്ചു കാണും (ലൂക്കൊസ് 1:26–38). ആ വെല്ലുവിളി ഏറ്റെടുത്തതുകൊണ്ടു അവളും ഭീഷണി നേരിട്ടു കാണും. അതു ദൈവത്തിന്റെ ഏകജാതനായ പുത്രൻ ആയിരുന്നു! അവനെ വളർത്തുന്നതു എന്തുപോലെയിരിക്കും? യേശുവിന്റെ അമ്മയായിത്തീരുവാൻ മറിയ വലിയ വില തന്നെ കൊടുക്കുകയുണ്ടായി. പ്രവാചകൻ ആയിരുന്ന, ശിമോൻ പറഞ്ഞു, "നിന്റെ സ്വന്തപ്രാണനിൽ കൂടെയും ഒരു വാൾ കടക്കും" (ലൂക്കൊസ് 2:35). മറിയക്കു എന്തു തോന്നിയിരിക്കും എന്നതു ഊഹിക്കുവാൻ ഒരമ്മയ്ക്കേ കഴിയൂ. മറിയ യേശുവിനെ വളർത്തേണ്ടതിനുള്ള വില സ്നേഹത്തോടെയാണ് നൽകിയത്. ശിഷ്യത്വത്തിനും നാം വില കൊടുക്കണം. നാമും, വില കൊടുപ്പാൻ തയ്യാറാകണം.

ബഹുദൂരത്തിരുന്നു, യേശുവിനോടുകൂടെ ഒരു വീട്ടിൽ താമസിക്കുന്നതെങ്ങനെ എന്നു മനസ്സിലാക്കുവാൻ കഴിയുമോ? അവന്റെ മനുഷ്യത്വത്തേക്കാൾ ദൈവികത്വത്തെ മനസ്സിലാക്കുവാനാണ് എളുപ്പം. മാനുഷികമായി പറഞ്ഞാൽ, യേശുവിനെ കുറിച്ചു നാം വിചാരിക്കുന്നത് ഒരു "ഒന്നാം" റാങ്കുകാരനായ വിദ്യാർത്ഥി, ഒരു കായിക താരം, "ഏറ്റവും വിജയ സാധ്യതയുള്ള" ഒരു യുവാവ് എന്നിങ്ങനെയായി

രിക്കും. “ആ കുഞ്ഞ് ഏതു തരം വ്യക്തിയായി തീരും?” എന്നു, മറിയ അതിശയിച്ചു കാണും (നോക്കുക ലൂക്കൊസ് 1:66). എന്തൊരനുഭവ മായിരിക്കും അവനെ പോറ്റി വളർത്തുന്നതിൽ അവൾക്കുണ്ടായത്!

ഇവിടത്തെ പാഠം എന്താണ്? ആത്മിയ കാര്യങ്ങളിൽ, ഭൗതിക കുടുംബത്തെ കണക്കാക്കുകയില്ല. ദൈവം മുഖപക്ഷം കാണിക്കുന്ന വനല്ല (പ്രവൃത്തികൾ 10:34). യേശുവിന്റെ കുടുംബത്തിനു പൊങ്ങച്ചം ഒന്നും ഇല്ലായിരുന്നു. മറിയയും, യേശുവിന്റെ സഹോദരന്മാരും, അവന്റെ സഹോദരിമാരും മറ്റുള്ളവരെ പോലെ സുവിശേഷം അനു സരിക്കേണ്ടിയിരുന്നു! എല്ലാവരേയും പോലെ അവരും യേശുവിന്റെ അനുയായികൾ ആകേണ്ടിയിരുന്നു, അവർ അനുഗമിക്കയും ചെയ്തു. സുവിശേഷം ആദ്യമായി പ്രസംഗിക്കുന്നതിനു മുൻപു നടന്ന പ്രാർത്ഥ നായോഗത്തിൽ അവർ പങ്കെടുത്തിരുന്നു (പ്രവൃത്തികൾ 1:13, 14). അവന്റെ വളർത്തച്ഛനായിരുന്ന, യോസേഫ്, അവനോട് എന്തു ചെയ്യണ മെന്നു പറഞ്ഞുവോ അതു വിശ്വസ്തതയോടെ ചെയ്തിരുന്നു. അവന്റെ അമ്മയായ മറിയ, തന്റെ പുത്രനോടും, പിന്നീടു അവന്റെ സഭയോടും വിശ്വസ്തയായിരുന്നു.

മറിയ, ഇന്നു ഹൃദയങ്ങളിൽ നിന്ന്, ഒന്നുകിൽ ഇല്ലാതാകുന്നു അല്ലെ ങ്കിൽ അവൾക്ക് ദൈവികത്വം നല്കപ്പെടുന്നു. രണ്ടു കാഴ്ച്ചപ്പാടുകളും തെറ്റാണ്. അവൾക്കു പ്രത്യേക ദൈവിക സ്ഥാനമൊന്നും ലഭിച്ചിരു ന്നില്ല, എങ്കിലും അവളെ അതിയായി അനുഗ്രഹിച്ചിരുന്നു (നോക്കുക ലൂക്കൊസ് 11:27, 28): അവളുടെ മകൻ തന്റെ രക്ഷകനായി! (നോക്കുക പ്രവൃത്തികൾ 1:14.) പ്രവൃത്തികളുടെ പുസ്തകം കഴിഞ്ഞാൽ, തിരു വെഴുത്തിൽ മറിയയെ കാണുന്നില്ല.

യേശുവിനെ സ്നേഹിച്ച മറ്റു സ്ത്രീകളും ക്രൂശിനരികിൽ ഉണ്ടാ യിരുന്നു. മഗ്ദലക്കാരത്തി മറിയ അവിടെ ഉണ്ടായിരുന്നു. യേശു, തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം, ആദ്യം മഗ്ദലക്കാരത്തി മറിയക്കു പ്രത്യ ക്ഷനായി, അവളിൽ നിന്നു അവൻ ഏഴു ഭൂതങ്ങളെ പുറത്താക്കിയി രുന്നു (മർക്കൊസ് 16:9; ലൂക്കൊസ് 8:2). മൂന്നാമതു ഒരു മറിയ ഉണ്ടാ യിരുന്നു, യാക്കൊബിന്റെയും യോസയുടേയും അമ്മ (മർക്കൊസ് 15:40). കൂടാതെ, യാക്കൊബിന്റെയും യോഹന്നാന്റെയും അമ്മയായി രുന്ന ശലോമിയും, യോഹന്നാനോടൊപ്പം അവിടെ ഉണ്ടായിരുന്നു (ലൂക്കൊസ് 24:10). ഗലീലിയിൽ നിന്നുള്ള സ്ത്രീകളും ക്രൂശിനരികിൽ ഉണ്ടായിരുന്നു (മത്തായി 27:55; മർക്കൊസ് 15:40, 41; ലൂക്കൊസ് 23:49, 55). ക്രൂശിനരികിൽ അവസാനമായി ഉണ്ടായിരുന്നതും കല്ലറക്കൽ ആദ്യം ഉണ്ടായിരുന്നതും സ്ത്രീകൾ ആയിരുന്നു. നല്ല സ്ത്രീകൾ ക്കായി ദൈവത്തെ സ്തുതിക്കുന്നു!

*ക്രൂശിലെ കള്ളൻ.* വായിക്കുക ലൂക്കൊസ് 23:39–43. കള്ളൻ നമ്മെ മയക്കുന്നു. നാം എങ്ങനെ ഈ കള്ളനെ പോലെ വിചാരിക്കുന്നു എന്ന തിനേക്കാൾ വെളിപ്പെടുത്തുന്ന മറ്റൊന്നില്ല. നാം ചിന്തിക്കുവാനും ബുദ്ധിവിഷയകമായി സത്യസന്ധരാകുവാനും തയ്യാറാണോ?

കള്ളൻ രക്ഷിക്കപ്പെട്ടു. യേശു പാപികൾക്കു *വേണ്ടി* പാപി*കളോടു കൂടെ* മരിച്ചു. ഭൂമിയിൽ ആയിരുന്നപ്പോൾ, അവനു പാപങ്ങൾ മോചിച്ചു

കൊടുപ്പാൻ അധികാരം ഉണ്ടായിരുന്നു (മത്തായി 9:4-6; മർക്കൊസ് 2:8-11; ലൂക്കൊസ് 5:22-24). അവൻ മരിക്കുകയായിരുന്നു, പക്ഷെ മരിച്ചില്ലായിരുന്നു - അങ്ങനെ അവൻ ഈ മനുഷ്യനു രക്ഷ നല്കി.

ചിലർ പറഞ്ഞേക്കാം, "കള്ളൻ തീരെ മോശമായിരുന്നു, വളരെയധികം വീണുപോയി, വളരെ താമസിച്ചുപോയി, വളരെ അകന്നുപോയി." തന്റെ കൃപ എങ്ങനെ നല്കണം എന്നു നമുക്കു ദൈവത്തോടു പറയാതിരിക്കാം! ആരെ രക്ഷിക്കണം എന്നു നമുക്കു യേശുവിനോടു പറയാതിരിക്കാം! എന്തിനു ഒരു പാപിയെ നഷ്ടപ്പെട്ടവനായി വിടണം? ചിന്തിക്കുക: ആ കള്ളന്റെ ജീവിതത്തിലെ ഏറ്റവും വലിയ ദിവസം അവനെ ക്രൂശിൽ തറെച്ച ദിവസം ആയിരുന്നു!

"അതിനു അവൻ ഒന്നും ചെയ്തില്ലല്ലൊ," എന്ന് നിങ്ങൾ പറഞ്ഞേക്കാം. ഓ, എന്നാൽ അവൻ ചെയ്തു! അവൻ ആ നിമിഷത്തിന് അവകാശിയായി. അവനു സാധിക്കുന്നതു അവൻ ചെയ്തു. യേശു കർത്താവെന്നു അവൻ ഏറ്റു പറഞ്ഞു. പശ്ചാത്തപിക്കാത്ത കള്ളനെ അവൻ ശാസിച്ചു. അവൻ മാത്രമായിരുന്നു ക്രൂശിൽ ആയിരുന്ന യേശുവിനെ പ്രതിരോധിച്ചത്.

"അവൻ സ്നാനം കൂടാതെ രക്ഷിക്കപ്പെട്ടു," എന്നു നിങ്ങൾ പറഞ്ഞേക്കാം. ആയിരിക്കാം, അല്ലായിരിക്കാം! കള്ളൻ സ്നാന*പ്പെട്ടിരിക്കാം* എന്നു സാഹചര്യം വ്യക്തമാക്കുന്നു. "യെഹൂദ്യയിലുള്ളവരെല്ലാം" യോഹന്നാൻ സ്നാപകന്റെ സ്നാനം ഏറ്റിരുന്നു (മത്തായി 3:4-6; മർക്കൊസ് 1:4, 5). മതപരമായ ആളുകൾ യോഹന്നാൻ സ്നാപകനെയും അവന്റെ സ്നാനത്തെയും തള്ളിക്കളഞ്ഞിരുന്നു (ലൂക്കൊസ് 7:29, 30). ചുങ്കക്കാരും വ്യഭിചാരികളും യോഹന്നാന്റെ സ്നാനം സ്വീകരിച്ചു. പിന്നീട്, യേശുവും അവന്റെ ശിഷ്യന്മാരും, യോഹന്നാനേക്കാൾ കൂടുതൽ പേരെ സ്നാനപ്പെടുത്തി (യോഹന്നാൻ 4:1, 2). സ്നാനപ്പെട്ടു കാണാത്ത ഒരു കള്ളനിൽ നിങ്ങളുടെ ആത്മാവിനെ പന്താടരുത്. വെളിപ്പാടിനാൽ സ്ഥിരീകരിക്കുവാൻ സാധ്യമല്ലാത്ത നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കലും ഒരു അന്തിമ തീർപ്പു എടുക്കാതിരിക്കുക.

ക്രൂശിലെ കള്ളൻ മരിച്ചത് മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലാണ്, എന്നാൽ നാം ജീവിക്കുന്നതു ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലാണ് (ഗലാത്യർ 6:2). കള്ളൻ മരിച്ചപ്പോൾ, യേശു ഉയിർത്തെഴുന്നേറ്റിട്ടില്ലായിരുന്നു; തന്റെ മഹത്തായ ആജ്ഞ അവൻ അന്നു നല്കിയിരുന്നില്ല (മത്തായി 28:18-20; മർക്കൊസ് 16:15, 16). ആ സമയത്തു, പരിശുദ്ധാത്മാവു വന്നിരുന്നില്ല; ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുവാൻ ആളുകളോടു അന്നു കല്പിച്ചിരുന്നില്ല. സഭ സ്ഥാപിക്കപ്പെട്ടിരുന്നില്ല. (അതു സംഭവിക്കുന്നതു പെന്തെക്കൊസ്തു നാളിലാണ്; നോക്കുക പ്രവൃത്തികൾ 2.) കള്ളനെ പോലെ ഇന്നു ആർക്കും രക്ഷപ്പെടുവാൻ സാധ്യമല്ല!

കഠിനമായ തരം താഴ്ത്തലിലും കഠിനമായ വേദനയിലും, കള്ളനു ഏറ്റവും നന്നായി ചിന്തിക്കുവാൻ കഴിഞ്ഞു. ദൈവദൂഷണത്തിനു അവൻ മറ്റെ കള്ളനെ ശാസിച്ചു. അവൻ അവരുടെ കുറ്റം ഏറ്റുപറഞ്ഞു. അവൻ യേശുവിനുവേണ്ടി പ്രതിരോധിച്ചു. അവൻ "രാജ്യ

ഭാഷ" ഉപയോഗിച്ചു. ഏതാണ്ട്, അവനു ഉയിർത്തെഴുന്നേല്പ് ദർശിക്കുവാൻ കഴിഞ്ഞു. കള്ളനും, യേശുവും മരിക്കുകയായിരുന്നു. ഒരത്ഭുതത്തിനോ, അല്ലെങ്കിൽ ഉയിർത്തെഴുന്നേല്പിനോ മാത്രമേ അവന് ഭാവിയിൽ പ്രത്യാശ നൽകുവാൻ കഴിയുമായിരുന്നുള്ളൂ. മറ്റെ കള്ളനെ പോലെ യേശുവിനെ അവൻ ദുഷിക്കുവാൻ ശ്രമിച്ചില്ല. അവന്റെ നിസ്സഹായാവസ്ഥയിൽ, അവൻ സ്വയം "കരുണയുടെ കോടതി" ക്കുമുമ്പാകെ വീഴുകയായിരുന്നു. ഇതു ഒരു രീതിയിലും "കിടക്കയിൽ രക്ഷ" എന്നതിനെ നിയമാനുസാരമാക്കുന്നില്ല. കള്ളൻ യേശുവിലുള്ള വിശ്വാസം ഏറ്റു പറയുകയും, നരകയോഗ്യൻ സ്വർഗ്ഗയോഗ്യനായി തീരുകയും ചെയ്തു. ക്രൂശ് കള്ളനോടു നിലവിളിച്ചതുപോലെ ഇന്നു നമ്മോടും നിലവിളിക്കുന്നു: "ജീവിതം നിഷ്ഫലമല്ല ... പരാജയം വിനാശകരമല്ല ... മരണം അവസാനവുമല്ല!"

*പുരുഷാരം.* വിടുവായന്മാർ, ക്രൂശിക്കപ്പെട്ടവരെ നോക്കി പരിഹസിച്ചുകൊണ്ട് കടന്നുപോയി (മത്തായി 26:65–68; 27:47–49; മർക്കൊസ് 14:65; 15:29–36). ക്രൂശ് പുറത്തുകൊണ്ടു വരുന്നതു മനുഷ്യനിലെ മനുഷ്യത്വരാഹിത്യത്തെയാണ്. കാഴ്ച്ചക്കാർക്ക്, അതൊരു വിനോദം – ഒരു വിരൂപമായ, ക്രൂരമായ കളി. പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടു: "വരിക ..."; "ഉറപ്പിച്ചു വെക്കുക ..."; അവന്നു അല്പം പുളിച്ച വീഞ്ഞു കൊടുക്ക ..."; "ഒരു പക്ഷെ യേലിയാവു വരുമായിരിക്കും!" എന്തൊരു കാഴ്ച്ച! ഇന്നു, ലോകം നിറച്ചു എതിർക്കുന്നവരാണ്. അവർക്ക് ആവശ്യം നേരിട്ടപ്പോൾ എതിർക്കുന്നവർ എവിടെയായിരുന്നു? "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ!" പുരുഷാരം നിലവിളിച്ചു (മത്തായി 27:25). അവരുടെ മേലുള്ള കുറ്റം ചുമത്തലിനു എന്തു ഭയങ്കരമായ വില കൊടുക്കണം!

*ശത്രുക്കൾ.* അഹംഭാവത്തോടെ അവർ പറഞ്ഞു, "ഞങ്ങൾ അതിനെ കൈകാര്യം ചെയ്തു!" എങ്ങനെയായാലും, ഞായറാഴ്ച്ച വന്നു. അവർ അവർക്കുതന്നെ കെണി ഒരുക്കി. ഉയിർത്തെഴുന്നേല്പിനു ശേഷം, ക്രിസ്ത്യാനിത്വം കൊടുങ്കാറ്റുപോലെ ലോകത്തുടനീളം ശക്തിയാർജ്ജിച്ചു. ബൈബിളിലെ യെഹൂദ മതം അവസാനിച്ചു. യെരുശലേം ഏ.ഡി. 70-ൽ നിലംപരിശായി. എന്താണ് പോയിന്റ്? ലളിതമായി ഇതാ: ആർക്കും ദൈവത്തിനെതിരെ പോരാടി ജയിക്കുവാൻ സാധ്യമല്ല.

*റോമാ പടയാളികൾ.* പടയാളികൾ യേശുവിനെ രാജകീയമായി അലങ്കരിക്കയും പിന്നെ പരിഹാസ്യ പാർട്ടി നടത്തുകയും ചെയ്തു (മത്തായി 20:17–19; 27:27–31; മർക്കൊസ് 10:32–34; 15:16–20; ലൂക്കൊസ് 18:31–34; 23:11; യോഹന്നാൻ 19:1–5). യേശുവിനെ കഠിനമായി അടിച്ചു. പടയാളികൾ അവന്റെ അങ്കിക്കായി ചീട്ടിട്ടു (മത്തായി 27:35; മർക്കൊസ് 15:24; യോഹന്നാൻ 19:23, 24). ഇതു മുറിവിനോടൊപ്പം പരിഹാസത്തെയും വർദ്ധിപ്പിച്ചു. എങ്ങനെയായാലും, ഒരു റോമൻ ശതാധിപതി കാര്യമായി വീക്ഷിച്ചു. യേശു വ്യത്യാസമുള്ളവൻ എന്നു അയാൾ കണ്ടു. നമ്മെ എല്ലാവരെയും പോലെ അയാളും തീർച്ചയാക്കി, "ഈ മനുഷ്യൻ സത്യമായും ദൈവപുത്രൻ ആയിരുന്നു!" (മത്തായി 27:54; നോക്കുക മർക്കൊസ് 15:39; ലൂക്കൊസ് 23:47).

*അരിമഥ്യക്കാരനായ യോസേഫും നിക്കോദെമോസും.* അരിമഥ്യക്കാരനായിരുന്ന യോസേഫും നിക്കോദെമോസും ധൈര്യത്തോടെ യേശുവിന്റെ ശരീരം ചോദിച്ചു (മത്തായി 27:57–61; മർക്കൊസ് 15:42–47; ലൂക്കൊസ് 23:50–56; യോഹന്നാൻ 19:38–42). അവർ യേശുവിനെ അടക്കിയതിനാൽ, നമുക്ക് അവരെ അനുമോദിക്കാം.

ആ രണ്ടുപേർ ചെയ്ത രീതിയിൽ അനവധി ആളുകൾ ചിന്തിക്കുന്നുണ്ട്. ധാരാളം പേർ ഉപദേശ രൂപേണ മാത്രമാണ് ദൈവത്തെ സ്നേഹിക്കുന്നത്. ആ രണ്ടു പേർക്കു വളരെ കാര്യങ്ങൾ ചെയ്യാമായിരുന്നു എങ്കിലും ചെയ്തതു വളരെ കുറച്ചു മാത്രം! ജീവിച്ചിരുന്നപ്പോൾ അവർ രഹസ്യമായി വിശ്വസിച്ചിരുന്ന, ഒരാളുടെ മൃതശരീരം മാത്രമേ അവർ അവകാശപ്പെട്ടുള്ളൂ. നമ്മുടെ ജീവിതങ്ങളാണ് യേശു നമ്മോട് ആവശ്യപ്പെടുന്നത്; ചിലപ്പോൾ നാം അവന്റെ ശരീരത്തിൽ സുഗന്ധ തൈലം പൂശുവാൻ മാത്രമാണ് തയ്യാറാകുന്നത്! യോസേഫും നിക്കൊദെമോസും എന്തായിത്തീർന്നു എന്നു നമ്മോടു പറഞ്ഞിട്ടില്ല. അവരുടെ പ്രവൃത്തി ധീരമായിരുന്നു, എന്നാൽ കർത്താവ് - എന്ന് യേശുവിനെ ഏറ്റുപറയുവാനും അവൻ ആരാണെന്നും മനസ്സിലാക്കുവാനുമാണ് യഥാർത്ഥ ധൈര്യം ആവശ്യമാകുന്നത്.

ജീവനുള്ള പ്രത്യാശയേക്കാൾ നഷ്ടമാകുന്ന കാരണങ്ങൾക്കു വേണ്ടി ചിലർ കാര്യങ്ങൾ അധികമായി ചെയ്യും. ജീവിക്കുന്ന കർത്താവിനെ അനുസരിക്കുന്നതിനേക്കാൾ എളുപ്പമാണ് മരിച്ച ശരീരം അടക്കം ചെയ്യുക എന്നത്.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]“ആരംഭത്തിൽ ലേഖനങ്ങളായി എഴുതപ്പെട്ടിരുന്ന പുതിയ നിയമത്തിലെ ഇരുപത്തി - ഒന്ന് പുസ്തകങ്ങളെയാണ് ലേഖനങ്ങൾ എന്ന് പറയുന്നത്. എങ്ങനെ ക്രിസ്തീയ ജീവിതം നയിക്കണമെന്ന വിലയേറിയ ഉപദേശം അവയിൽ ഉൾപ്പെട്ടിരിക്കുന്നു.

© 2009 Truth for Today